പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1600 | 22.03.2013 ൽ മറുപടിയ്ക്ക് |
|---|---|
| സ്ത്രീസുരക്ഷാ പദ്ധതികൾ | |
| ചോദ്യം | ഉത്തരം |
| ശ്രീ. എ.കെ.ബാലൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) സാമൂഹ്യക്ഷേമ വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന സ്ത്രീസുരക്ഷാ പദ്ധതികൾ ഏതെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) സാമൂഹ്യനീതി വകുപ്പ് മുഖേന സംസ്ഥാനത്ത് താഴെപ്പറയുന്ന സ്ത്രീസുരക്ഷാ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>i) ജയിൽ മോചിതരായവർ, വിധവകൾ, അഗതികളായ സ്ത്രീകൾ മുതലായവർക്ക് ഭക്ഷണം, താമസം, വസ്ത്രം, കൗൺസിലിംഗ്, തൊഴിൽ പരിശീലനം എന്നിവ നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വാധർ.<br>ii) സ്ത്രീധനം ആവശ്യപ്പെടൽ, ലൈംഗിക പീഡനം, ഗാർഹിക പീഡനം എന്നിങ്ങനെ സ്ത്രീകൾക്കെതിരായി വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിനും ഇത് സംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ തേടുന്നതിനും സ്ത്രീകളെയും യുവതികളെയും പ്രാപ്തരാക്കുകയും, ബോധവൽക്കരണം നടത്തകയും ചെയ്യുന്ന ലിംഗാവബോധ പദ്ധതി.<br>iii) ലൈംഗിക ചൂഷണം തടഞ്ഞ് ഇരകളെ മോചിപ്പിച്ച് അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള കേന്ദ്ര പദ്ധതിയായ ഉജ്ജ്വല സ്കീം.<br>iv) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചു വരുന്ന ലൈംഗിക അതിക്രമങ്ങളും ചൂഷണവും തടയുകയും പീഡിതർക്കാവശ്യമായ സംരക്ഷണം ഉറപ്പ് വരുത്തുകയും ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാൻ നിയമത്തിന്റെ ശക്തമായ ഇടപെടലും നിയമം നടപ്പിലാക്കുകയും ചെയ്യുന്ന നിർഭയ പദ്ധതി.<br>v) വിധവകൾ, വിവാഹ ബന്ധം വേർപെടുത്തിയവർ, ദുരിത ബാധിതരും അഗതികളുമായ 13 വയസ്സിനു മുകളിൽ പ്രായമായവർ മുതലയാവർക്ക് അഭയം നൽകുന്ന മഹിളാ മന്ദിരങ്ങൾ.<br>vi) മാനസികാരോഗ്യം വീണ്ടെടുത്തെങ്കിലും സംരക്ഷിക്കാൻ ആളില്ലാത്ത രോഗികളുടെ പരിചരണം ലക്ഷ്യമാക്കുന്ന ആശാഭവനുകൾ. |

| | |
|---|---|
| | vii) അനാശാസ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും സാന്മാർഗ്ഗിക ഭ്രംശം നേരിടുകയും ചെയ്യുന്ന സ്ത്രീകൾക്ക് പരിചരണവും സംരക്ഷണവും നൽകി സമൂഹത്തിന്റെ മുഖ്യധാര യിലെത്തിക്കുകയും ചെയ്യുന്ന റെസ്ക്യൂ ഹോമുകൾ.<br><br>viii) കുടുംബത്തിൽ നിന്നും സാമൂഹ്യപിന്തുണ ലഭിക്കാത്തവർ,മാനസിക സമ്മർദ്ദമുള്ളവർ, സമൂഹം ബഹിഷ്കരിച്ചവർ, ചൂഷണം ചെയ്യപ്പെട്ടവർ എന്നി-ങ്ങനെയുള്ള സ്ത്രീകളെയും കുട്ടികളെയും പുനരധിവസിപ്പിക്കുന്നതിനുള്ള ഷോർട്ട്സ്റ്റേ ഹോമുകൾ. |
| (ബി) ഇതിൽ ഏതെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആരംഭിച്ചത്? | (ബി) മേൽ വിവരിച്ച പദ്ധതികളിൽ നിർഭയ പദ്ധതി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയതാണ്. |

സെക്ഷൻ ഓഫീസർ

4